# INDIAN SCHOOL AL WADI AL KABIR

Mid Term Examination 2024 -25

## Malayalam (012)

Date: 26/09/2024 Time Allowed :3 Hours

Class: X Maximum Marks: 80

*General Instructions:*

1. Please check that this question paper contains 9 questions and 9 printed pages.
2. This question paper is divided into two sections:

   Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks

   Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.

### SECTION – A / എ വിഭാഗം

1. **തന്നിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം ) ( 8 X 1=8 )**

ജീവി വർഗത്തിൽ മനുഷ്യനു മാത്രം ലഭിച്ച ഒരു സിദ്ധിയാണ് ചിരിക്കാനുള്ള കഴിവ്. സന്തോഷം വരുമ്പോൾ ഇതര ജീവിവർഗ്ഗങ്ങൾ വ്യത്യസ്തങ്ങളായ ചേഷ്ടകൾ പ്രകടിപ്പിക്കാറുണ്ടെങ്കിലും മനുഷ്യന്റെ ചിരിക്ക് സൃഷ്ടിക്കാൻ കഴിയുന്ന വൈകാരികത മറ്റു ചേഷ്ടകൾക്കില്ല. സന്തോഷം വരുമ്പോൾ ചിരിക്കുകയും സങ്കടം വരുമ്പോൾ കരയുകയും ചെയ്യുന്നതുകൊണ്ടാണ് മനുഷ്യന് ജീവിതം തള്ളിനീക്കാൻ ആവുന്നതെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. മനുഷ്യന്റെ മാനസിക തലത്തിന് ഉണ്ടാകേണ്ട സന്തുലനം സാധ്യമാവുന്നതും ഈ സഹജഭാവങ്ങളുടെ മിശ്രണം കൊണ്ടാണ്. ഇതിലേതെങ്കിലും ഒരു ഭാവത്തിന് അമിത പ്രാധാന്യം ലഭിക്കുമ്പോഴാണ് മാനസിക വിഭ്രാന്തിയുടെ ലക്ഷണങ്ങൾ പ്രകടമാകുന്നത്.

ചിരിക്കും കരച്ചിലിനും നമ്മളുടെ ജീവിതത്തിൽ ഗണ്യമായ സ്വാധീനമുള്ളതുകൊണ്ടാണ് നമ്മുടെ സാഹിത്യത്തിലും ഈ ഭാവങ്ങൾക്ക് വളരെയധികം പ്രാധാന്യം ലഭിച്ചത്. ചിരി മനുഷ്യനെ ഊർജ്ജസ്വലനാക്കുന്നത് പോലെ കരച്ചിൽ തളർത്തുകയും ചെയ്യുന്നു. ചിരിക്കാൻ ഉള്ള ഒരു അവസരം

പോലും കളയാതിരിക്കാൻ ശ്രദ്ധിച്ചതു കൊണ്ടായിരിക്കണം സാഹിത്യചരിത്രത്തിൽ
ഹാസസാഹിത്യത്തിന് ഏറെ പ്രാധാന്യം ലഭിച്ചത്. അതിപ്രാചീനങ്ങളായ നാടൻപാട്ടുകളിലും കലാരൂപങ്ങളിലുമാണ് മലയാളസാഹിത്യത്തിലെ ഹാസ്യധാരയുടെ തുടക്കം. നർമ്മം കലർന്ന ചൊല്ലുകളും പാട്ടുകളും ഇപ്പോഴും നമ്മുടെ നാവിലൂറുന്നത് ഇതേ പാരമ്പര്യത്തിൽ നിന്നു തന്നെയാണ്. ഓലപ്പാവക്കൂത്ത്, സംഘക്കളി തുടങ്ങിയ പൗരാണിക കലാരൂപങ്ങളിലും നിരവധി ഹാസ്യസന്ദർഭങ്ങൾ കാണാനാവും.

പ്രകടമായ ഹാസ്യം സാഹിത്യത്തിന്റെ ശക്തമായ ഒരു ഭാവമായി മാറുന്നത് തോലകവിയുടെ ശ്രമത്തോടെയാണ്. തോലന്റെ പാരമ്പര്യം ഏറ്റുവാങ്ങിക്കൊണ്ട് വളർന്ന കലാരൂപങ്ങളാണ് കൂത്തും കൂടിയാട്ടവും. നിശിതമായ സാമൂഹിക വിമർശനത്തിന് ആക്ഷേപഹാസ്യം ഒരു പ്രധാന ആയുധമായി കണ്ട കൂത്തിനും കൂടിയാട്ടത്തിനും നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ വളരെ നിർണായകമായ ഒരു സ്ഥാനം തന്നെയുണ്ട്.

**ചോദ്യങ്ങൾ**

(i) ജീവി വർഗത്തിൽ മനുഷ്യനു മാത്രം ലഭിച്ച ഒരു സിദ്ധി എന്താണ് ?

(ii) ഇതര ജീവിവർഗ്ഗങ്ങളുടെ ചേഷ്ടകൾക്കില്ലാത്ത എന്ത് പ്രത്യേകതയാണ് മനുഷ്യന്റെ ചിരിയ്ക്കുള്ളത് ?

(iii) മനുഷ്യന് ജീവിതം തള്ളിനീക്കാൻ സാധിക്കുന്നതിന് കാരണമെന്ത് ?

(iv) ഏതെങ്കിലും ഒരു സഹജഭാവത്തിന് അമിതപ്രാധാന്യം ലഭിക്കുമ്പോൾ എന്തിന്റെ ലക്ഷണങ്ങളാണ് പ്രകടമാകുന്നത് ?

(v) സാഹിത്യ ചരിത്രത്തിൽ ഹാസസാഹിത്യത്തിന് ഏറെ പ്രാധാന്യം ലഭിച്ചതിന് കാരണമെന്ത് ?

(vi) മലയാള സാഹിത്യത്തിലെ ഹാസ്യധാരയുടെ തുടക്കം എവിടെയാണ് ?

(vii) നിരവധി ഹാസ്യ സന്ദർഭങ്ങൾ നിറഞ്ഞ പൗരാണിക കലാരൂപങ്ങൾ ഏവ ?

(viii) തോലന്റെ പാരമ്പര്യം ഏറ്റുവാങ്ങിക്കൊണ്ട് വളർന്ന കലാരൂപങ്ങൾ ഏതെല്ലാം ?

2. **തന്നിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം )** **( 7 X 1=7 )**

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അത്യാവശ്യം വേണ്ടുന്ന മൂന്ന് കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ ആദ്യം പറഞ്ഞ രണ്ടും കേരളത്തിൽ സുലഭം തന്നെ. എന്നാൽ ഭക്ഷണത്തിന് നാം അന്യനാടുകളെ ആശ്രയിക്കുകയാണിന്ന്. അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്ന ഒരു പ്രധാന ഘടകമാണ്. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷി സ്ഥലങ്ങൾ വർദ്ധിക്കുന്നില്ല. കാലാവസ്ഥാവ്യതിയാനം മൂലം കർഷകന് നല്ല രീതിയിൽ കൃഷിയിറക്കാൻ കഴിയാതെ വരുന്നു. ഇത് വിളനാശത്തിന് കാരണമാകുന്നു. നീർത്തടങ്ങളായ വയലുകൾ നികത്തി വീട് വയ്ക്കുന്നത് ഇന്ന് വ്യാപകമായിട്ടുണ്ട്. തന്മൂലം ജലാംശം ആഴത്തിലേക്ക് വലിയും. പണ്ടുള്ള ജലസ്രോതസ്സുകൾ പോലും വറ്റാൻ ഇത് കാരണമാകുന്നു. ജലദൗർലഭ്യവും വെള്ളപ്പൊക്കവും; രണ്ടായാലും കർഷകന് ആദായം നഷ്ടപ്പെടുന്നു. കാർഷികോല്പന്നങ്ങൾക്ക് ആവശ്യത്തിനുള്ള വില ലഭിച്ചില്ലെങ്കിൽ നഷ്ടം വരും. വിത്ത്, വളം, ജോലിക്കൂലി എന്നിവയുടെ വർദ്ധനവ് അമിതമാണ്. വേണ്ടത്ര വിപണന സാധ്യതയില്ലാതെ വരുമ്പോൾ കർഷകന് വിത്തെടുത്ത് കളയേണ്ട അവസ്ഥ വരും. ഇത് കർഷകന്റെ ആത്മഹത്യയ്ക്ക് വഴിവയ്ക്കുന്നു.

കാർഷിക പ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി. ബോധവൽക്കരണത്തിലൂടെ ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കണം. ഇപ്രകാരം കൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. വിഷരഹിതമായ ഭക്ഷ്യവസ്തുക്കളാണ് ആരോഗ്യത്തിന് അടിസ്ഥാനം എന്ന സത്യം കർഷകർ തിരിച്ചറിയുക കൂടി ചെയ്യുമ്പോൾ നമ്മുടെ ഭക്ഷ്യക്ഷാമം മാറുകയും ആരോഗ്യമുള്ള ഒരു തലമുറ ജന്മം കൊള്ളുകയും ചെയ്യും.

**<u>ചോദ്യങ്ങൾ</u>**

(i) ഏതു കാര്യത്തിനാണ് കേരളം ഇന്ന് അന്യനാടുകളെ ആശ്രയിക്കുന്നത് ?

(ii) അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഏതു പ്രശ്നമാണ് സൃഷ്ടിക്കുന്നത് ?

(iii) ജലദൗർലഭ്യവും വെള്ളപ്പൊക്കവും ഉണ്ടാകുമ്പോൾ കർഷകന് നഷ്ടപ്പെടുന്നത് എന്ത് ?

(iv) വേണ്ടത്ര വിപണന സാധ്യതയില്ലാതെ വരുമ്പോൾ കർഷകന് എന്തു ചെയ്യേണ്ടി വരും ?

(v) ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി എന്ത് ?

(vi) ആധുനിക കൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കേണ്ടത് എങ്ങനെ ?

(vii) ഏതു സത്യമാണ് കർഷകർ തിരിച്ചറിയേണ്ടത് ?

**3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(i) 'കുതിര' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) അഹി (B) അശ്വം

(C) നാഗം (D) നൃപൻ

(ii) 'കുമാരൻ' എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) കുമാരകി (B) കുമാരിനി

(C) കുമാരി (D) കുമാരിണി

(iii) 'പടവ് 'എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) കുന്ന് (B) പറമ്പ്

(C) പ്രഹരം (D) പടി

(iv) 'യതി- മതി' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നതിൽ ഏതാണ് ?

(A) സന്ന്യാസി - ബുദ്ധി (B) ജീവി - കൈ

(C) കാരണം - കൊടി (D) തേരാളി - പുത്രൻ

(v) 'കോപാശ്രു' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) കോപത്തിലെ അശ്രു (B) കോപത്തിന്റെ അശ്രു

(C) കോപമാകുന്ന അശ്രു (D) കോപത്താലുള്ള അശ്രു

(vi) 'ക്ഷയം' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഇവയിൽ ഏതാണ് ?

(A) ക്ഷണിക്കൽ (B) ഒരു രോഗം

(C) കുറവ് (D) നാശം

(vii) 'പ്രിയമല്ലാത്തത് ' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) പ്രിയതരം (B) പ്രിയങ്കരം

(C) അപരിചിതം (D) അപ്രിയം

(viii) 'സഹാനുഭൂതി' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) സഹം + അനുഭൂതി (B) സഹാനു + ഭൂതി

(C) സഹ + അനുഭൂതി (D) സഹോ + അനുഭൂതി

(ix) 'സുലഭം' എന്നതിന്റെ വിപരീതപദം ഏത് ?

(A) ദുർബലം (B) സുഫലം

(C) സഫലം (D) ദുർലഭം

(x) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) പരിഗൃസ്ഥം (B) പരിഗ്രസ്തം

(C) പരിഗൃസ്തം (D) പരിഗ്രസ്ഥം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) "ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ "

(i) ഈ വാക്കുകൾ ആര് ആരോട് പറയുന്നതാണ് ?

(A) ലക്ഷ്മണൻ ശ്രീരാമനോട് (B) നളിനി ദിവാകരനോട്

(C) ദിവാകരൻ നളിനിയോട് (D) ശ്രീരാമൻ ലക്ഷ്മണനോട്

(ii) ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ഈ വരികൾ ?

(A) മഹാഭാരതം കിളിപ്പാട്ട് (B) നാരായണീയം

(C) അദ്ധ്യാത്മരാമായണം കിളിപ്പാട്ട് (D) കൃഷ്ണഗാഥ

(b) "നാളെയാണ് അല്ലേ...." പാറാവുകാരൻ പറഞ്ഞു,

(i) എന്തിനെക്കുറിച്ചാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത് ?

(A) പാറാവുകാരുടെ കവാത്ത് (B) കണ്ടുണ്ണിയുടെ വധശിക്ഷ

(C) കുട്ട്യസ്സൻമാപ്പിളയുടെ കടം (D) വെള്ളായിയപ്പന്റെ യാത്ര

(ii) ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

(A) നാടകം (B) നോവൽ

(C) ചെറുകഥ (D) ലേഖനം

(c) “ആചാര്യപുത്രാ, എന്നെ ശസ്ത്രം കൊണ്ടു കൊന്നേക്കൂ.”

(i) ആരെയാണ് ആചാര്യപുത്രൻ എന്ന് വിശേഷിപ്പിക്കുന്നത് ?

(A) അശ്വത്ഥാമാവിനെ (B) ഭീമസേനനെ

(C) ധൃഷ്ടദ്യുമ്നനെ (D) കൃപാചാര്യരെ

(ii) ശസ്ത്രം കൊണ്ട് കൊല്ലാത്തതിന് കാരണമെന്ത് ?

(A) ബാലജീവിതഘാതിയായതിനാൽ (B) ഗുരുഘാതിയായതിനാൽ

(C) കൂട്ടക്കൊല നടത്തിയതിനാൽ (D) ചപലനായതിനാൽ

(d) “ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ”

(i) ഇവിടെ പരാമർശിക്കുന്ന നളിനിയുടെ പ്രിയം എന്തായിരുന്നു ?

(A) സന്യാസജീവിതം (B) ദിവാകരദർശനം

(C) ലൗകിക ജീവിതം (D) മോക്ഷപ്രാപ്തി

(ii) ഏത് കവിയുടേതാണ് ഈ വരികൾ ?

(A) ചെറുശ്ശേരി (B) റഫീഖ് അഹമ്മദ്

(C) കുമാരനാശാൻ (D) എഴുത്തച്ഛൻ

(e) “യജമാനന്മാരേ എന്റെ കയ്യിൽ പണമില്ല.”

(i) വെള്ളായിയപ്പൻ ആരോടാണ് ഇങ്ങനെ പറയുന്നത് ?

(A) തോട്ടികളോട് (B) കുതിരവണ്ടിക്കാരോട്

(C) കാരണവരോട് (D) പാറാവുകാരോട്

(ii) എന്തിനാണ് കയ്യിൽ പണം ഇല്ലാത്തത് ?

(A) മകന്റെ ശവം സംസ്കരിക്കാൻ (B) ചോറ് വാങ്ങാൻ

(C) പാറാവുകാർക്ക് നൽകാൻ (D) കോടച്ചിക്ക് നല്കാൻ

(f) “മാനസതാരിൽ നിരൂപിച്ചതും തവ ജ്ഞാനമില്ലായ്കെന്നറിക നീ”

(i) മാനസതാരിൽ നിരൂപിച്ചത് എന്താണ് ?

(A) മോക്ഷാർഥിയാകുന്നതിന് (B) ലോകം ദഹിപ്പിക്കുന്നതിന്

(C) വിഘ്നം വരുത്തുന്നതിന് (D) ക്രോധം പരിത്യജിക്കുന്നതിന്

(ii) ആരുടെ ജ്ഞാനമില്ലായ്മയാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

(A) ദശരഥന്റെ (B) ലക്ഷ്മണന്റെ

(C) ഭരതന്റെ (D) അർജുനന്റെ

(g) “പാണ്ഡവർ ഈ യുദ്ധം കൊണ്ട് നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല”

(i) ആരുടെ വാക്കുകളാണിത് ?

(A) വ്യാസന്റെ (B) ദുര്യോധനന്റെ

(C) ഹൃഷീകേശന്റെ (D) ദ്രൗണിയുടെ

(ii) പാണ്ഡവർ നേടിയ രത്നത്തിന്റെ പേര് എന്തായിരുന്നു ?

(A) സ്യമന്തകം (B) ഗോമേദകം

(C) ചൂഡാമണി (D) ബ്രഹ്മശിരസ്സ്

(h) “ധീരനായ യതി നോക്കി തന്വിതൻ ഭൂരിബാഷ്പപരിപാടലം മുഖം”

(i) തന്വിയുടെ മുഖം ‘ബാഷ്പപരിപാടലം’ ആയത് എങ്ങനെ ?

(A) കരഞ്ഞതു കൊണ്ട് (B) മഴ നനഞ്ഞതു കൊണ്ട്

(C) വെയിലിൽ നിന്നതുകൊണ്ട് (D) ഭയന്നതുകൊണ്ട്

(ii) നളിനിയുടെ മുഖത്തെ എന്തിനോടാണ് ഉപമിക്കുന്നത് ?

(A) താമരപ്പൂവിനോട് (B) പനിനീർപ്പൂവിനോട്

(C) ആമ്പൽപ്പൂവിനോട് (D) പൂനിലാവിനോട്

(i) “തത്ര കാമക്രോധ ലോഭ മോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ ”

(i) മോഹമാതാവ് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ് ?

(A) അവിദ്യയെ (B) സ്നേഹത്തെ

(C) ദുഃഖത്തെ (D) വിദ്യയെ

(ii) മുക്തിക്കു വിഘ്നം വരുത്തുവാൻ ശക്തിയുള്ളത് എന്തിനാണ് ?

(A) മോഹത്തിന് (B) ക്രോധത്തിന്

(C) സംസാരത്തിന് (D) ദേഹത്തിന്

(j) “അപരിചിതരുടെ സ്വരങ്ങൾ കഴുത്തിന് ചുറ്റും പിരിഞ്ഞു മുറുകി. വെള്ളായിയപ്പന് ശ്വാസം മുട്ടി. അവസാനം ആരോ വഴി പറഞ്ഞു കൊടുത്തു.”

(i) എവിടെ വച്ചാണ് ഈ അനുഭവം ഉണ്ടായത് ?

(A) ജയിലിന്റെ പരിസരത്ത് (B) കടത്തീരത്ത്

(C) തീവണ്ടിയാപ്പീസിന്റെ മുറ്റത്ത് (D) പാടവരമ്പത്ത്

(ii) യാത്രയിൽ ഉടനീളം വെള്ളായിയപ്പന്റെ കൂടെയുള്ളത് എന്ത് ?

(A) കരിമ്പന (B) പൊതിച്ചോറ്

(C) പണസഞ്ചി (D) പരൽമീനുകൾ

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക.** **(2 X 1=2)**

(i) ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

(ii) ദ്രൗണി അയാളെ ചവിട്ടിയുണർത്തി.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **(2 X 1=2)**

(i) അയാൾ ചാടിയെഴുനേൽക്കാൻ ഭാവിക്കുമ്പോഴേക്കും ദ്രൗണി അയാളുടെ തലമുടിയ്ക്കു പിടിച്ച് താഴെയിട്ടു.

(ii) കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരികയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റു പോയി.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടേപ്പോലെ പരസ്പര പ്രീതിയോടെ സന്തോഷത്തിൽ വർത്തിക്കണം.

(ii) മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെ ഉണ്ടോ എന്ന് ഉറപ്പാക്കി നിജം വരുത്തി.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) പാലിക്കുക

(ii) ഏറ്റുവാങ്ങുക

(iii) ലംഘിക്കുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) മദ്യ നിരോധനത്തിന്റെ ആവശ്യകത

OR

(ii) ഭീകരവാദം ഉയർത്തുന്ന വെല്ലുവിളികൾ

(b) നിങ്ങളുടെ സ്കൂൾ പരിസരത്ത് വാഹനങ്ങളുടെ മത്സരയോട്ടവും അമിതവേഗവും നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ ലീഡർ എന്ന നിലയിൽ സംസ്ഥാന ഗതാഗതവകുപ്പു മന്ത്രിക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക. **( 5 )**

(c) സംസ്ഥാന സർക്കാരിന്റെ മികച്ച കർഷകനുള്ള പുരസ്കാരം നേടിയ യുവാവിനെ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ നടന്ന പൊതുസമ്മേളനത്തിൽ ആദരിച്ചു . ഈ വിഷയം അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X 3=6)**

(i) വെള്ളായിയപ്പൻ കൂടെ കൊണ്ടുപോകുന്ന പൊതിച്ചോറ് കടൽത്തീരത്ത് എന്ന കഥയുടെ ഭാവതലത്തെ എത്രമാത്രം സ്വാധീനിക്കുന്നു എന്ന് പരിശോധിക്കുക.

(ii) തനിക്ക് സ്വർഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിക്കുന്നത് എന്തുകൊണ്ട് ?

(iii) വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിക്കുന്നത് എങ്ങനെ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X 3=6)**

(i) “ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ ” നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണമെന്ത് ?

(ii) ക്രോധം ഉപേക്ഷിക്കണമെന്ന് ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നത് എന്തുകൊണ്ട് ?

(iii) ദേഹത്തെക്കുറിച്ചുള്ള മോഹം നന്നല്ല എന്നു പറയാൻ കാരണമെന്ത് ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X 3=6)**

(i) ബ്രാഹ്മണ ബാലന്മാർക്കൊപ്പം ഇരുന്ന് സംസ്കൃതം പഠിക്കാൻ കുഞ്ഞന് അനുവാദം ലഭിക്കാൻ ഇടയാക്കിയ സംഭവമെന്ത് ?

(ii) കുഞ്ഞന് ചട്ടമ്പി എന്ന പേര് ലഭിച്ചതെങ്ങനെ ?

(iii) കുഞ്ഞൻപിള്ള സർക്കാർ ഉദ്യോഗസ്ഥനായത് എങ്ങനെ ?

***